# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3519** **12.05.2017-ൽ മറുപടിയ്ക്ക്**

## തലശ്ശേരി മഞ്ഞോടിയിലെ മത്സ്യ മാർക്കറ്റ്

ചോദ്യം

ശ്രീ.എ. എൻ. ഷംസീർ

തലശ്ശേരി നഗരസഭ മഞ്ഞോടിയിൽ നിർമ്മിച്ച മത്സ്യ മാർക്കറ്റ് ചില എതിർപ്പുകൾ മൂലം ഉത്ഘാടനം ചെയ്യാൻ സാധിക്കാതെ അടച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു സമവായത്തിലൂടെ ആയത് തുറക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മറുപടി

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

ഉണ്ട്. പ്രസ്തുത മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലവാസികൾ ബഹു. ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് WP (c) 14108/15 നമ്പർ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. ഇതിനെത്തുടർന്ന് ഫിഷറീസ് ഡയറക്ടർ, തീരദേശ വികസന കോർപ്പറേഷൻ ഭാരവാഹികൾ, തലശ്ശേരി നഗരസഭാ അംഗങ്ങൾ എന്നിവർ പരാതിക്കാരുമായി പലപ്രാവശ്യം ചർച്ച നടത്തി സമവായത്തി ലൂടെ മത്സ്യമാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിലും സമവായത്തിൽ എത്തിച്ചേർന്നില്ല. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മന്ത്രി തന്നെ ഇവിടെ സന്ദർശിച്ച് നഗരസഭാധികൃതരും ബന്ധപ്പെട്ട സ്ഥലവാസികളുമായി ചർച്ച നടത്തി മത്സ്യമാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ഇപ്പോഴും അതിന് കഴിഞ്ഞിട്ടില്ല • ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതിവിധി കൂടി കണക്കിലെടുത്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ആഫീസർ